**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1699** **29-09-2025 - ൽ മറുപടിയ്ക്ക്**

**അമേരിക്ക തീരുവ വർദ്ധിപ്പിച്ചതു മൂലം കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യ - അമേരിക്ക വ്യാപാരക്കരാർ നിലവിൽ വരികയാണെങ്കിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സർക്കാർ എന്തെങ്കിലും മുൻകരുതലുകൾ എടുത്തിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. 2025 ജൂലൈയിൽ ഇന്ത്യ - യു.എസ്.എ വ്യാപാര കരാർ ചർച്ചകൾ നടന്നിരുന്ന വേളയിൽ കേരളത്തിൻറെ കാർഷിക മേഖലയിൽ അത് ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങൾ വിശദീകരിച്ചും കാർഷിക മേഖലയുടെ താൽപര്യങ്ങൾ സംരക്ഷിക്കണമെന്നും ചെറുകിട കർഷകരുടെ ക്ഷേമം ഉറപ്പാക്കണമെന്നും കരാറിൽ ഒപ്പിടുന്നതിനു മുമ്പ് സംസ്ഥാന സർക്കാരുകളുമായി സമഗ്രമായ ചർച്ച നടത്തി പ്രത്യാഘാതങ്ങൾ പൂർണമായി വിലയിരുത്തണമെന്നും ബഹു പ്രധാനമന്ത്രി, ബഹു. കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവരോട് കത്തുകൾ മുഖേന ആവശ്യപ്പെട്ടിരുന്നു. കൂടാതെ വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ട് വരേണ്ടതിന്റെ ആവശ്യകത അറിയിച്ച് എല്ലാ സംസ്ഥാന കൃഷി മന്ത്രിമാർക്കും കത്ത് നൽകിയിരുന്നു. |
| (ബി) | ഇന്ത്യയിൽനിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത് കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത്, കേരളത്തിൽ നിന്നുള്ള കാർഷികോത്പ്പന്നങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്നു പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ടി വിഷയം അപഗ്രഥിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ കൃഷി വകുപ്പിലെ കയറ്റുമതി പ്രോത്സാഹന ഏജൻസികളായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കേരള , കേരള അഗ്രോ ബിസിനസ് കമ്പനി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത് കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്നത് ലഘൂകരിക്കാൻ | (സി) | ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിക്ക് അമേരിക്ക തീരുവ ചുമത്തിയത്, കേരളത്തിൽ നിന്നുള്ള കാർഷികോത്പ്പന്നങ്ങളുടെ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമെന്നു പ്രാഥമികമായി |

| | | | |
|---|---|---|---|
| | സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ? | | വിലയിരുത്തിയിട്ടുണ്ട്. ടി വിഷയം അപഗ്രഥിച്ച് വിശദമായ റിപ്പോർട്ട് നൽകുവാൻ കൃഷി വകുപ്പിലെ കയറ്റുമതി പ്രോത്സാഹന ഏജൻസികളായ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട്സ് പ്രമോഷൻ കൗൺസിൽ, കേരള , കേരള അഗ്രോ ബിസിനസ് കമ്പനി എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ